# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.164 (a)/2024** **തിരുവനന്തപുരം, തീയതി: 24/07/2024**

## പത്രക്കുറിപ്പ്

## സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം

2022-23 ലെ സൗത്ത് സോൺ/ഓൾ ഇന്ത്യാ അന്തർ സർവകലാശാല, ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് എന്നീ മത്സരങ്ങളിൽ കേരളസർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്കുള്ള കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം 2024 ജൂലൈ 30 ന് പാളയം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന സർവകലാശാല ബാസ്കറ്റ് ബോൾ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പരിപാടിയുടെ രജിസ്ട്രേഷൻ അന്നേദിവസം രാവിലെ 11.30 മണിയോടെ ആരംഭിക്കുന്നതാണ്. സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ അന്നേ ദിവസം നിർബന്ധമായും ആധാർ കാർഡ്, സ്പോർട്സ് സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം നേരിട്ട് ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒറിജിനൽ ആധാർ കാർഡ്, സ്പോർട്സ് സർട്ടിഫിക്കറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അധികാരപ്പെടുത്തിയ രേഖ എന്നിവ സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ കൈപ്പറ്റാത്ത സ്കോളർഷിപ്പ് തുക സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്. സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവരുടെ പേരുവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിലെ ന്യൂസ് ലിങ്കിൽ ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**